**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2411** **12-10-2021 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. ചോർച്ച തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ ഡി കെ മുരളി,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. ടി.ഐ.മധുസൂദനൻ** | | **Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സ്വർണ്ണത്തിന് വളരെ കുറഞ്ഞനിരക്കിൽ മാത്രം നികുതി ചുമത്തിയിട്ടും പ്രസ്തുത വ്യാപാരമേഖലയിൽ നികുതി വെട്ടിപ്പ് വളരെ വ്യാപകമായത് തടയാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (എ) | സ്വർണം കൊണ്ടുപോകുന്നതിന് ഇ-വേബിൽ നിർബന്ധമാക്കണമെന്ന ആവശ്യം സംസ്ഥാന സർക്കാർ ജി എസ് ടി കൗൺസിലിൽ മുന്നോട്ട് വെച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ജി എസ് ടി കൗൺസിൽ ഒരു GOM (Group of Ministers) രൂപീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നു. കൂടാതെ ഇ-ഇൻവോയ്സ്, ഇ-ഡെലിവറി ചലാൻ എന്നിവയും നടപ്പിലാക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നുണ്ട്. ഇതിലൂടെ വെട്ടിപ്പ് ഒരു പരിധിവരെ തടയാൻ കഴിയുമെന്ന് കരുതുന്നു. നികുതി വെട്ടിച്ചുള്ള സ്വർണക്കടത്തു തടയുന്നതിനായി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| (ബി) | ഉച്ചലാഭത്തിന്റെ പേരിൽ ഉപഭോക്താക്കൾ കബളിപ്പിക്കപ്പെടുന്നത് ഒഴിവാക്കാൻ വ്യാപക പ്രചരണം നടത്തുമോ; വ്യക്തമാക്കുമോ; | (ബി) | ജി എസ് ടി യിൽ ബില്ല് വാങ്ങുന്നതിന്റെ ആവശ്യകതയെകുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള നിരവധി പരിപാടികൾ സംസ്ഥാന ജി എസ് ടി വകുപ്പ് നടത്തിയിട്ടുണ്ട്. നിയമാനുസൃതം അല്ലാതെ ലഭിക്കുന്ന നികുതി വെട്ടിച്ചുള്ള ബില്ലുകൾ വകുപ്പിനെ അറിയിക്കുന്നതിനുള്ള സൗകര്യവും പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | അമ്പതിനായിരം രൂപയിൽ കൂടുതലുള്ള എല്ലാ ചരക്കുകൾക്കും ഇ-വേ ബിൽ വേണമെന്നിരിക്കെ സ്വർണ്ണത്തിന് അത് ബാധകമാക്കാത്തത് നികുതിവെട്ടിച്ചുള്ള സ്വർണ്ണക്കടത്തിന് ഇടയാക്കുന്നതിനാൽ സ്വർണ്ണത്തിന് ഇ-വേ ബിൽ ഏർപ്പെടുത്തണമെന്ന് ജി.എസ്.ടി. കൗൺസിലിലും കേന്ദ്രസർക്കാരിനോടും ആവശ്യം ഉന്നയിക്കുമോ; | (സി) | സ്വർണ്ണം കൊണ്ടുപോകുന്നതിന് ഇ-വേബിൽ നിർബന്ധമാക്കണമെന്ന ആവശ്യം സംസ്ഥാന സർക്കാർ ജി എസ് ടി കൗൺസിലിൽ മുന്നോട്ട് വെച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ജി എസ് ടി കൗൺസിൽ ഒരു GOM (Group of Ministers) രൂപീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ജി.എസ്.ടി. ചോർച്ച തടയാൻ പൊതുവിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ഡി) | ജി എസ് ടി പൂർണ്ണമായും വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഒരു നികുതി വ്യവസ്ഥയാണ്. നികുതിദായകന്റെ ക്രയവിക്രയങ്ങൾ സംബന്ധിച്ച് ജി എസ് ടി നെറ്റ് വർക്കിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനവും മറ്റ് ഏജൻസികളായ ഇൻകം ടാക്സ്, കസ്റ്റംസ് എന്നിവയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുമായി വിശകലനങ്ങൾ നടത്തുന്നതിന് വേണ്ടി വകുപ്പിൽ പ്രത്യേക ഡാറ്റ അനലിറ്റിക്സ് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി ആഡിറ്റും എൻഫോഴ്സ്മെന്റ് നടപടികളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതുവഴി നികുതി ചോർച്ചയുടെ മേഖലകളും വ്യാപാരികളെയും കേന്ദ്രീകരിച്ച എൻഫോഴ്സ്മെന്റ് നടത്താൻ സാധിച്ചിട്ടുണ്ട്. വ്യാപാരികൾ മാസാമാസം നടത്തുന്ന വില്പന തങ്ങളുടെ റിട്ടേണുകളിൽ ഉൾപ്പെടുത്തി നിശ്ചിത സമയത്തു തന്നെ ഫയൽ ചെയ്യുന്നു എന്ന് വകുപ്പ് ഉറപ്പു വരുത്തുന്നുണ്ട്. ഇതിനായി വ്യാപാരികളെ അവർ നൽകുന്ന നികുതിയുടെ തോതനുസരിച്ച തരംതിരിച്ച പരിശോധിക്കുന്നു. റിട്ടേൺ ഫയൽ ചെയ്യാൻ താമസിച്ചാൽ ആദ്യ പടി എന്ന നിലയിൽ ഫോൺ, ഇ-മെയിൽ, SMS എന്നീ സംവിധാനങ്ങൾ മുഖേന റിട്ടേൺ ഫയൽ ചെയ്യുവാൻ ഓർമപ്പെടുത്തുന്നു. ശേഷം പിഴ, അസ്സെസ്സ്മെന്റ് നടപടികൾ, ഇന്റലിജൻസ് പരിശോധന എന്നിവ നടത്തുന്നുണ്ട്. റിട്ടേൺ, രജിസ്ട്രേഷൻ എന്നീ വിവരങ്ങൾ വിശകലനം ചെയ്ത് അതിൽ നിന്നും തിരഞ്ഞെടുക്കുന്ന വ്യാപാരികളെ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുന്ന നടപടി സ്വീകരിച്ചത് വഴി നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നു. റിട്ടേൺസ്ക്രൂട്ടിനി ഫലപ്രദമാക്കുന്നതിനുവേണ്ടി പ്രത്യേക മാനദണ്ഡപ്രകാരം ടാക്സ്പേയേഴ്സിനെ ഓൺലൈൻ ആയി സെലക്ട് ചെയ്തു വിശദപരിശോധന നടത്തുന്ന രീതി നടപ്പിലാക്കി വരുന്നു. ഇത് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നതിനും സഹായിക്കും. ജി എസ് ടി വെട്ടിപ്പ് തടയുന്നതിനായി ഇന്റലിജൻസ് വിഭാഗം ഊർജിതമായ വാഹനപരിശോധന, കട പരിശോധന, ടെസ്റ്റ് പർച്ചേസ്, എ.എൻ.പി.ആർ.ക്യാമറ (ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ ക്യാമറ) സംവിധാനം ഉപയോഗിച്ചുള്ള വാഹന പരിശോധന, പഴയ ചെക്ക്പോസ്റ്റ് പ്രദേശങ്ങളിൽ പ്രത്യേക സർവൈലൻസ് സ്ക്വാഡുകൾ, രജിസ്ട്രേഷൻ ബാധ്യത ഉള്ളവരെ |

| | | | |
|---|---|---|---|
| | | | കണ്ടെത്തി രജിസ്ട്രേഷൻ എടുപ്പിക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. അണ്ടർ വാല്യുവേഷൻ കേസുകൾ, ബില്ല് തുടങ്ങിയവ ജി എസ് ടി പോർട്ടലിലേക്ക് അപ് ലോഡ് ചെയ്യൽ എന്നിവയ്ക്ക് മൊബൈൽ ആപ്ലിക്കേഷൻ സംവിധാനം നടപ്പിലാക്കി. ഇവ കൂടാതെ വാഹന പരിശോധന ഫാറങ്ങൾ പൂർണമായും ഓൺലൈൻ ആയി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജി എസ് ടി യിൽ വ്യാജ ഇൻപുട്ട് ടാക്സ് മുഖേനയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി സംസ്ഥാന നികുതി വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം സെക്ടർ തിരിച്ചുള്ള പരിശോധനകൾ വഴിയും ഡാറ്റ അനലിറ്റിക്സ് മുഖേന ലഭിക്കുന്ന വിവരങ്ങൾ അപഗ്രഥിച്ചും തട്ടിപ്പുകൾ തടയാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇത്തരം നികുതിവെട്ടിപ്പിനെതിരെ ഉള്ള നടപടികൾ ശക്തമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ജി എസ് ടി വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 5 കോടിക്ക് മുകളിൽ ഇൻപുട്ട് ടാക്സ് തട്ടിപ്പ് നടത്തിയ രണ്ടു വ്യക്തികളെ സംസ്ഥാന ചരക്കുസേവന നികുതി നിയമപ്രകാരം അറസ്റ്റ് ചെയ്യുകയുണ്ടായി. |

സെക്ഷൻ ഓഫീസർ